"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.പാർവതി.ആർ-ന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**സ.ഉ.(സാധാ) നം.1944/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/10/2020

---

പരാമർശം:- 1 കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 15.10.2019 ലെ ഡിഡിപി/കെഎൽഎം/9865/18-ഇ2 നമ്പർ നടപടിക്രമം.

2 പഞ്ചായത്ത് ഡയറക്ടറുടെ 12.12.2019, 18.06.2020 എന്നീ തീയതികളിലെ പാൻ/7550/19-ഇ6 നമ്പർ കത്തുകൾ.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.പാർ വതി.ആർ - ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.പാർവതി.ആർ പഞ്ചായത്ത് വകുപ്പിൽ 22.02.2013 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാൾക്ക് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഒരു ദിവസത്തെ ഡയസ്നോൺ, 14 ദിവസത്തെ ആർജ്ജിതാവധി എന്നിവ ഉൾപ്പെടെ 09.03.2015 മുതൽ ഒരു വർഷത്തേക്ക് പരാമർശം (1) പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 10.08.2018 ൽ ടിയാൾ എം.ഒ.പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 11.08.2018 ന് ടിയാളുടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ കഴിയുമാറ് 12.08.2018 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കണമെന്നാണ് പരാമർശം (2) പ്രകാരംപഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീമതി.പാർവതി.ആർ-ന്റെ പ്രൊബേഷൻ കാലയളവ് ടിയാൾ എം.ഒ.പി പരീക്ഷ വിജയിച്ച 10.08.2018 ന്റെ തൊട്ടടുത്ത ദിവസമായ 11.08.2018 FN ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 09.03.2016 മുതൽ 12.08.2018 FN വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ലീന എ**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്, കൊല്ലം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ്(വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം, തിരുവനന്തപുരം

കരുതൽ ഫയൽ, ഓഫീസ് പകർപ്പ്(03/ഇപിഎ1/20/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ